(ബി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

ദേശീയപണിമുടക്ക് ദിവസത്തെ ഡ്യൂട്ടി

236(1221) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സൈൻഓൺ മുതൽ അവസാനിക്കുന്ന സൈൻഓഫ് വരെയുള്ള സമയം 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 13-ാം വകുപ്പ് പ്രകാരം ജോലി ആരംഭിച്ചതുമുതലുള്ള ഓരോ എട്ട് മണിക്കൂറും കണക്കാക്കി ഡ്യൂട്ടി തീരുമാനിക്കുന്ന രീതിയാണോ പിന്തുടർന്നുവരുന്നത്; വ്യക്തമാക്കുമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2(f), (i), (ii), (iii) 2(K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടിക്രമീകരിച്ചിരിക്കുന്നത്.

(ബി) എങ്കിൽ 25-11-2020-ന് രാവിലെ 10.30-ന് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്ന് മൂന്നാറിലേയ്ക്ക് പുറപ്പെട്ട് 27-11-2020-ന് വൈകുന്നേരം 5.00 മണിവരെ ഡ്യൂട്ടിയിലുണ്ടായിരുന്ന ക്രൂ അംഗങ്ങൾ ആകെ എത്ര മണിക്കൂർ ഡ്യൂട്ടിയിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ക്രൂ അംഗങ്ങൾ ആകെ 56 മണിക്കൂർ (രണ്ട് രാത്രിയും മൂന്ന് പകലും) ഡ്യൂട്ടിയിലായിരുന്നതിന് എട്ട് മണിക്കൂർ കണക്കാക്കി എത്ര ഡ്യൂട്ടിക്കാണ് അർഹതപ്പെട്ടത്; ആയത് എപ്രകാരമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ 10:30 തിരുവനന്തപുരം - മൂന്നാർ സർവ്വീസിന് സാധാരണയായി ആകെ 17:20 മണിക്കൂർ സ്റ്റിയറിംഗ് സമയവും 14:40 മണിക്കൂർ ഡ്യൂട്ടികൾക്കിടയിൽ ജീവനക്കാർക്ക് വിശ്രമവും ലഭിയ്ക്കുന്ന വിധത്തിൽ (ആകെ 32 മണിക്കൂർ) ആണ് ക്രമീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ടി സർവ്വീസിന് 2 ഡ്യൂട്ടിയും വീക്കിലി ഓഫും അധിക സമയമായ 2:35 മണിക്കൂറിന് അധികവേതനവും നൽകിവരുന്നു. എന്നാൽ 26-11-2020-ൽ ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹനഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടതിനാൽ 25-11-2020-ന് ആരംഭിച്ച തിരുവനന്തപുരം - മൂന്നാർ സർവ്വീസിന് 26-11-2020-ന് ഷെഡ്യൂൾ സമയത്ത് തിരികെ തിരുവനന്തപുരത്ത് എത്തിച്ചേരാൻ കഴിയാത്ത സാഹചര്യം വന്നുചേർന്നിരുന്നു. ആയതിനാൽ പ്രസ്തുത സർവ്വീസിലെ ക്രൂ ജീവനക്കാർക്ക് 26-11-2020-ൽ മൂന്നാർ ഡിപ്പോയിൽ അധികമായി തങ്ങിയ ഒരു ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടികൂടി നൽകിയിട്ടുണ്ട്.

(ഡി) ദേശീയ പണിമുടക്ക് ദിവസമായിരുന്ന 26-11-2020-ന് മൂന്നാറിൽനിന്ന് തിരികെയുള്ള സർവ്വീസ് നടത്താതിരുന്നത് പ്രസ്തുത ക്രൂ മെമ്പേഴ്സിന്റെ കൃത്യവിലോപമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ 25-11-2020-ന് ആരംഭിച്ച ഡ്യൂട്ടിയിൽ 27-11-2020-ന് വൈകുന്നേരം 5.00 മണിവരെ തങ്ങളുടേതല്ലാത്ത കാരണത്താൽ തുടരേണ്ടിവന്ന പ്രസ്തുത ജീവനക്കാർക്ക് സൈൻഓൺ മുതൽ സൈൻഓഫ് വരെയുള്ള അർഹതപ്പെട്ട ഡ്യൂട്ടികൾ അനുവദിച്ച് ഉത്തരവാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കരുതുന്നില്ല. പ്രസ്തുത ജീവനക്കാർക്ക് അർഹമായ ഡ്യൂട്ടി അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണം

237(1222) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കി നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.